മി. സ്പീക്കർ : ഏതാണ് പോയിന്റ് ഓഫ് ഓർഡർ.

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. 2001-2002 സാമ്പത്തിക വർഷത്തിൽ ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിൽ ഇത് പറഞ്ഞിട്ടില്ല. അതുകഴിഞ്ഞ് ബഡ്ജറ്റ് അവതരിപ്പിച്ചു. ആ ബഡ്ജറ്റിലും ഇത് പറഞ്ഞിട്ടില്ല. പത്തു പൈസപോലും ബഡ്ജറ്റിൽ നീക്കിവയ്ക്കാതെ ഇത് തെരഞ്ഞെടുപ്പ് സ്റ്റണ്ടല്ലേ? കേരളത്തിലെ മൂന്നുകോടി ജനങ്ങളെ ഈ ഗവൺമെന്റ് അപമാനിക്കുകയാണ്. എവിടെയാണ് ആസ്ഥാനം ? എവിടെയാണ് പണം. ഈ ഗവൺമെന്റ് ജനങ്ങളെ അപമാനിക്കുകയാണ്.

മി. സ്പീക്കർ : ചട്ടവിരുദ്ധമായിട്ട്.....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. സെക്ഷൻ 300 അനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരു സ്റ്റേറ്റ്മെന്റ് ഹൗസിൽ വച്ചാൽ no discussion shall be made.

മി. സ്പീക്കർ : Please, no discussion. ഇവിടെ ഒരു ക്രമപ്രശ്നം എന്ന നിലയിലാണ് പ്രൊഫ. എ.വി. താമരാക്ഷൻ എനിക്ക് ഒരു നോട്ടീസ് നൽകിയത്. ഞാൻ അത് കേട്ടു. അങ്ങ് ഉന്നയിച്ച കാര്യങ്ങൾ മനസ്സിലായി എന്നുള്ളതല്ലാതെ ചട്ടവിരുദ്ധമായി ഒന്നും സംഭവിച്ചിട്ടില്ല എന്ന് ചെയർ അറിയിക്കുകയാണ്. (ബഹളം).....(ബഹളം).....

(ഏതാനും ചില പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ : റൂൾ 304, ശ്രീ. പി. വിശ്വൻ.

VI സബ്മിഷൻ

(1) ഗുജറാത്ത് ഭൂകമ്പത്തിൽ സർവ്വതും നഷ്ടപ്പെട്ട മലയാളികളുടെ പുനരധിവാസം

ശ്രീ. പി. വിശ്വൻ : സർ, ഗുജറാത്ത് ഭൂകമ്പത്തിൽ സർവ്വതും നഷ്ടപ്പെട്ട മലയാളികളുടെ പുനരധിവാസം സംബന്ധിച്ചാണ് ഞാൻ ഇവിടെ സബ്മിഷൻ ഉന്നയിക്കുന്നത്. ഗുജറാത്തിലുള്ള മലയാളികളുടെ വേദനയാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ആ മലയാളികളുടെ വേദനയെക്കുറിച്ച് പറയാൻ താൽപ്പര്യമില്ലാത്ത പ്രതിപക്ഷങ്ങളെക്കുറിച്ച് എന്താണ് ഞാൻ ഇവിടെ പറയുക ? മൂന്ന് ലക്ഷത്തോളം മലയാളികൾ ഇന്ന് ഗുജറാത്തിൽ ജോലി ചെയ്യുന്നുണ്ട്. ആ മൂന്ന് ലക്ഷം മലയാളികളെക്കുറിച്ച് ഞാൻ ഇവിടെ പറയുമ്പോൾ ഇവിടെ എന്താണ് നടക്കുന്നത് ? റിപ്പബ്ലിക് ദിനത്തിൽ ഗുജറാത്തിലുണ്ടായ അത്യുഗ്രമായ ഭൂകമ്പം രാജ്യത്താകമാനം വേദനയുണ്ടാക്കിയിട്ടുണ്ട്, ആ ഭൂകമ്പം രാജ്യത്തെ നടുക്കിയിട്ടുണ്ട്. ഏകദേശം ഒരുലക്ഷം പേർ ആ ഭൂകമ്പത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മരിച്ചു, അത് ഇൻഡ്യയുടെ വേദനയായിരുന്നു ; ഈ രാജ്യത്തിലെ ജനങ്ങളുടെ വേദനയായിരുന്നു. എന്താണ് പ്രതിപക്ഷത്തിനുള്ളത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഏകദേശം ഒരുലക്ഷം പേർ ഗുജറാത്തിൽ മരിച്ചു. മനുഷ്യർ കൂട്ടത്തോടെ ചത്തൊടുങ്ങുക, മാത്രമല്ല മനുഷ്യനിർമ്മിതമായ സർവ്വതും കെട്ടടങ്ങി, ബംഗ്ലാവുകൾ, ചെറുപുരകൾ, ഫാക്ടറികൾ, റെയിൽവേ സ്റ്റേഷനുകൾ, ഭവനങ്ങൾ, ദേവാലയങ്ങൾ എല്ലാം തകർന്നടിഞ്ഞു. എത്ര കോടികളുടെ നഷ്ടമാണ് അവിടെ ഉണ്ടായിട്ടുള്ളത് ? കോടികളുടെ നഷ്ടം എന്നുമാത്രമല്ല വേദനിക്കുന്ന ഒരു അനുഭവമായിരുന്നു, എന്റെ പ്രദേശത്ത് തന്നെ.....(ബഹളം.....ബഹളം.....).

(തുടർന്നും പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

ശ്രീ. പി. വിശ്വൻ : ആ മലയാളികളെ പുനരധിവസിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മി. സ്പീക്കർ : പരിഹാരം കാണാൻ കഴിയുന്ന കാര്യമല്ല, ഇതൊന്നും നിയമസഭയുടെ വിഷയമല്ല, പ്ലീസ്.....പ്ലീസ്.....ഇതൊന്നും നിയമസഭയുടെ വിഷയമല്ല, ഇതൊന്നും ശരിയായ രീതിയല്ല. ആവശ്യങ്ങൾ ഉണ്ടാകും, വേറെ രൂപത്തിൽ പരിഹരിക്കണം.....

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, റവന്യൂ സെക്രട്ടറിയുടെ നേതൃത്വത്തിൽ എൻജിനീയർമാർ അടങ്ങുന്ന ഒരു സംഘം ഉടൻ ഗുജറാത്ത് സന്ദർശിക്കുകയും ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ആവശ്യമായ സ്കീം തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ സ്വീകരിക്കുന്നതുമാണ്. ഒറീസയിലെ ചുഴലിക്കാറ്റിൽ ദുരന്തം അനുഭവിച്ചവർക്കുവേണ്ടിയും സംസ്ഥാന ഗവൺമെന്റ് ഇപ്രകാരം സഹായം നൽകിയിട്ടുണ്ട്.

മി. സ്പീക്കർ : പ്രൊഫ. എ.വി. താമരാക്ഷൻ. ശ്രീ. ടി. എം. ജേക്കബ്, പ്ലീസ്.....പ്ലീസ്.....പ്ലീസ്..... നമുക്ക് ചർച്ച ചെയ്യാം. സബ്മിഷൻ കഴിയട്ടെ, നിങ്ങൾ ബഡ്ജറ്റ് ചർച്ചയിൽ ഉന്നയിക്കുക, ചർച്ച ചെയ്യുമല്ലോ, ചർച്ച ചെയ്യാനുള്ള അവസരങ്ങൾ ഉണ്ട്. അല്ലാതെ വേറെ മാർഗ്ഗമില്ല. അല്ലെങ്കിൽ സബ്മിഷൻ വേണ്ടെന്ന് വയ്ക്കും. ധാരാളം സബ്മിഷൻസ് ഉണ്ട്. ബഹളം.....ബഹളം..... അതൊക്കെ പറയാനുള്ള അവസരമുണ്ട്. പറയാം. ദയവ് ചെയ്ത് സഹകരിക്കുക, സബ്മിഷൻസ് ക്യാൻസൽ ചെയ്യാൻ പോകുകയാണ്. ദയവ് ചെയ്ത് സഹകരിക്കണം. അധികം സമയമായി. സഹകരിച്ചില്ലെങ്കിൽ സബ്മിഷൻസ് ക്യാൻസൽ ചെയ്ത് ബിസിനസ് അഞ്ച് മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. ദയവുചെയ്ത് സഹകരിക്കണം. ഇതൊന്നും നിയമസഭയുടെ നടപടിയുടെ ഭാഗമായിട്ടുള്ള കാര്യമല്ല. ഈ രീതിയും അതിന്റെ ഭാഗമല്ല, ആവശ്യങ്ങൾ ഉന്നയിക്കുന്നതിനുവേണ്ടി, ബഹളം.....ബഹളം .....നോ ബഹളം.....ബഹളം.....നോ ബഹളം.....ബഹളം .....നിങ്ങൾക്ക് ഉന്നയിക്കാമല്ലോ, ദയവ് ചെയ്ത് സഹകരിക്കണം. അത്

LIBRARY ARCHIVES Kerala Legislative Assembly

നുമക്ക് ചോദിക്കാം അങ്ങേയ്ക്ക് അറിയാം. അങ്ങേയ്ക്ക് നല്ലവണ്ണം അറിയാം. ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് അല്ലാതെ മറ്റൊരു ചർച്ചയുമില്ല. പ്രൊഫ. താമരാക്ഷൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. ഞാൻ ആൻസർ ചെയ്തു, നിങ്ങളുടെ വികാരങ്ങൾ ഇപ്പോൾ ഇവിടെ പ്രകടിപ്പിച്ചല്ലോ, ഇവിടെ ബഡ്ജറ്റ് ചർച്ചയ്ക്കുള്ള അവസരമുണ്ട്, രണ്ട് മണിക്കൂർ സമയമുണ്ട്, നമുക്ക് ചർച്ച ചെയ്യാം. മറുപടി പറയേണ്ടവർ മറുപടി പറയും. അതിനുള്ള അവസരമുണ്ട്. സഭാനടപടികൾ അതിന്റെ പേരിൽ തടസ്സപ്പെടരുത്. പത്ത്-നാൽപ്പത് സബ്മിഷൻസ് ഉണ്ട്. അത് കൃാൻസൽചെയ്ത് മറ്റ് ബിസിനസ്സിലേയ്ക്ക് പോകേണ്ടതായിട്ടുവരും. ദയവുചെയ്ത് സഹകരിക്കണം. ഇങ്ങനെ പറഞ്ഞിട്ടെന്താണ് കാര്യം; എന്താണ് പ്രയോജനം? നിങ്ങളുടെ വികാരം പ്രകടിപ്പിച്ചു, മനസ്സിലായി, അവസാനിപ്പിക്കുക, കാര്യം നടക്കാൻ മറ്റ് മാർഗ്ഗങ്ങളില്ലേ? മറ്റ് മാർഗ്ഗങ്ങളുണ്ട്. നമുക്ക് പരിഹാരമുണ്ടാക്കാം. ചർച്ചയ്ക്കുള്ള അവസരമുണ്ട്. പ്ലീസ്..... പ്ലീസ്, (വീണ്ടും പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ടിരുന്നു).

(2) ദൃശ്യമാധ്യമങ്ങളിലെ ജേർണലിസ്റ്റുകൾക്ക് അക്രെഡിറ്റേഷൻ നൽകൽ

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, വാർത്താമാധ്യമങ്ങളിൽ ദൃശ്യ മാധ്യമങ്ങൾക്കുള്ള പങ്ക് ഞാൻ ഈ സഭയിൽ ബോദ്ധ്യപ്പെടുത്തേണ്ട കാര്യമില്ല, ഏഷ്യാനെറ്റ്, സൂര്യ ടി.വി. തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങളിൽ ജേർണലിസ്റ്റുകൾക്ക് അക്രെഡിറ്റേഷൻ നൽകുന്നത് സംബന്ധിച്ചുള്ള പലരുടേയും അപേക്ഷകൾ കഴിഞ്ഞ നാല് അഞ്ച് വർഷമായി പെൻഡിംഗിൽ കിടക്കുകയാണ്. ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് അക്രെഡിറ്റേഷൻ നൽകുന്നതിന് നിലവിലുള്ള നിയമത്തിൽ വ്യവസ്ഥയില്ലെന്നാണ് സംസ്ഥാന ഗവൺമെന്റ് ആദ്യം പറഞ്ഞത്. അതുകഴിഞ്ഞ് ഗവൺമെന്റ് ഒരു കമ്മിറ്റിയെ വയ്ക്കുകയും അക്രെഡിറ്റേഷൻ കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. ഏഷ്യാനെറ്റിലെ സുരേഷ് പട്ടാമ്പിയെന്ന ജേർണലിസ്റ്റിന്റെ അപേക്ഷ പെൻഡിംഗിൽ കിടക്കുകയാണ്. അതിനുശേഷം കൈരളിയിൽ.....

മി. സ്പീക്കർ : ഓരോ വാക്ക് പറഞ്ഞ് അവസാനിപ്പിക്കാം. അത്രയേ നടക്കൂ. ഇന്ന് എല്ലാപേർക്കും സബ്മിഷൻ ഉന്നയിക്കാൻ അവസരം തരാം. പക്ഷേ ഒറ്റ വാക്കേ പറയാവൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി.

പ്രൊഫ: എ. വി. താമരാക്ഷൻ : സർ, കൈരളി ചാനലിൽ അവരുടെ ആൾക്കാർക്ക് കൊടുത്തിരിക്കുന്നു. ഈ വിവേചനം അവസാനിപ്പിച്ചുകൊണ്ട് എല്ലാപേർക്കും അക്രെഡിറ്റേഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഏഷ്യാനെറ്റ് ദൃശ്യമാധ്യമത്തിൽ തിരുവനന്തപുരത്ത് ഒരു റിപ്പോർട്ടർ, ഒരു ക്യാമറാമാൻ, എന്നിവർക്കും കോഴിക്കോട് ഒരു റിപ്പോർട്ടർക്കും സൂര്യാ ടി.വിക്ക് തിരുവനന്തപുരത്ത് ഒരു റിപ്പോർട്ടർക്കും അക്രെഡിറ്റേഷൻ നൽകിയിരുന്നു. ഇലക്ട്രോണിക്

LIBRARY ARCHIVES Kerala Legislative Assembly